ഖുത്ബ
10.12.2004
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ.

بسم الله الرحمن الرحيم

# വാഗ്ദത്ത മസീഹ് (അ)ന് നബിതിരുമേനി(സ)യോടുള്ള സ്നേഹം

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ
اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ
إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ
آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا

"നീ പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു." (3:32)

"നിശ്ചയമായും അല്ലാഹുവും അവന്റെ മലക്കുകളും നബിയ്ക്ക് അനുഗ്രഹങ്ങൾ ആശംസിക്കുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻവേണ്ടി നിങ്ങളും പ്രാർത്ഥിക്കുക." (33:57)

ഈ വചനങ്ങളിലൊന്ന് സൂറ ആലുഇംറാനിലേയും രണ്ടാമത്തേത് സൂറ അഹ്സാബിലേതുമാണ്. തർജമയിൽ നിങ്ങൾ കേട്ടതാണ്, സൂറ ആലുഇംറാനിലെ വചനത്തിൽ നബി(സ) തിരുമേനി മുഖേന നമുക്ക്, എന്നല്ല ലോകം മുഴുവനുമുള്ള ജനങ്ങൾക്ക്, കഴിഞ്ഞതും വരാൻ പോകുന്നതുമായ എല്ലാ മാതൃകകളും ഇപ്പോൾ അവസാനിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും, ഇനി ആരുടെയെങ്കിലും മാതൃകയെ പിൻപറ്റാൻ അർഹതയുണ്ടെങ്കിൽ അത് നബി(സ)യുടെ മാതൃകയാണെന്നുമുള്ള സന്ദേശം നല്കിയിരിക്കുകയാണ്. ഈ പിൻപറ്റലിന്റെ മാതൃക എങ്ങനെയാണ് നിലവിൽവരിക? അതു നിലവിൽ വരുന്നത് സത്യവാനായ ഒരു പ്രേമി തന്റെ പ്രേമഭാജനത്തിന്റെ ഇഷ്ടത്തെയും അനിഷ്ടത്തെയും സ്വന്തം ഇഷ്ടവും അനിഷ്ടവുമാക്കിത്തീർക്കുമ്പോഴാണ്. ഇവ്വിധം നിങ്ങൾ നബി (സ) തിരുമേനിയെ പിൻപറ്റുമ്പോൾ, ഞാൻ നിങ്ങളുടെ പാപങ്ങൾ പൊറുക്കുമെന്നും നിങ്ങളോട് സ്നേഹത്തോടെ പെരുമാറുമെന്നും നിങ്ങളുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിയ്ക്കുള്ള സാധനസാമഗ്രികൾ ഉണ്ടാക്കുമെന്നും അല്ലാഹു പറയുന്നു. അല്ലാഹുവിനോളം എത്താനുള്ള എല്ലാ വഴികളും ഇപ്പോൾ അടഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ഏതെങ്കിലും വഴി തുറന്നിട്ടുണ്ടെങ്കിൽ അത് നബി (സ)യെ പരിപൂർണ്ണമായും പിൻപറ്റി, ആ മഹാത്മാവിന്റെ പിന്നാലെ നടന്നുകൊണ്ടുമാത്രമെ അല്ലാഹുവിനോളമെത്താൻ കഴിയുകയുള്ളു. ഈ ഒരു വഴി മാത്രമെ തുറന്നു കിടപ്പുള്ളു. ഈ ശ്രേഷ്ഠമായ മാതൃകയെ പിൻപറ്റുന്നതിനുവേണ്ടി നബി (സ)യോടുള്ള സ്നേഹം മനസ്സിൽ വളർത്തുന്നതിനുള്ള മാർഗ്ഗം, ഞാനോതിയ സൂറ അഹ്സാബിലെ അടുത്ത വചനത്തിൽ പറഞ്ഞിരിക്കുന്നു.

അതെന്താണെന്നുവച്ചാൽ, ഈ നബി ഒരു നിസ്സാരനായ നബിയല്ല. ഈ നബി അല്ലാഹുവിന് ഏറ്റവുമധികം പ്രിയപ്പെട്ടയാളാണ്. ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെട്ടത് ഈ നബിയ്ക്കുവേണ്ടിയാണ്. അല്ലാഹുവും ഈ നബിയുടെ മേൽ കാരുണ്യം വർഷിക്കുന്നു. അവന്റെ മലക്കുകളും ഈ പ്രവൃത്തിയിലേർപ്പെട്ടിരിക്കുകയാണ്. അതായത് അല്ലാഹുവിന്റെ ഈ പ്രിയങ്കരനായ നബിയുടെ മേൽ കാരുണ്യം വർഷിച്ചുകൊണ്ടിരിക്കാനും ദുആകൾ ചെയ്തുകൊണ്ടിരിക്കാനും മലക്കുകളും നിയോഗിതരാണ്. അതുകൊണ്ട്, വിശ്വാസികളെന്ന് വാദിക്കുന്നവരേ! അല്ലാഹുവിന്റെ സ്നേഹം നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളുടെ ജോലിയും ഈ നബിയുമായി സ്നേഹബന്ധം സ്ഥാപിക്കുകയും അദ്ദേഹത്തിന്റെ മേൽ സ്വലാത്ത് ചൊല്ലുകയും, വളരെയധികം സ്വലാത്ത് ചൊല്ലുകയും ചെയ്യുക എന്നതാണ്. ഇങ്ങനെ നിങ്ങൾ ഈ നബിയുടെ മേൽ സ്വലാത്ത് ചൊല്ലുമ്പോൾ, ആ മഹാത്മാവിനെ പിൻപറ്റാനുള്ള വഴിയും നിങ്ങൾക്കായി തുറന്നുകൊണ്ടുപോകും. വഴികൾ തുറക്കുന്നതനുസരിച്ച് നിങ്ങൾ പിൻപറ്റികൊണ്ടുപോകുമ്പോൾ അതനുസരിച്ച് നിങ്ങൾ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നതാണ്.

ഇതു സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു: ദുആ സ്വീകാര്യത്തിന് മൂന്നുമാർഗ്ഗങ്ങളുണ്ട്. ഒന്നാമത്തേത്, *ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ.* രണ്ടാമത്തേത്, *യാ അയ്യുഹല്ലദീന ആമനൂ സല്ലൂ അലയ്ഹി വസല്ലിമൂ തസ്ലീമാ.* മൂന്നാമത്തേത് *മുഹബ്ബത്തെ ഇലാഹി* അഥവാ അല്ലാഹുവിനോടുള്ള സ്നേഹം. അതായത് നിങ്ങൾ ദുആകൾ സ്വീകരിപ്പിക്കാനാഗ്രഹിക്കുന്നെങ്കിൽ, നബി(സ) കൊണ്ടുവന്ന ദീനിനെ പിൻപറ്റുക. ആ മഹാത്മാവിനെ സ്നേഹിക്കുക. അങ്ങനെ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുക. ഈ സ്നേഹത്തിൽ സ്വയം വളരുന്നതിനും,

അക്കാരണത്താൽ അല്ലാഹുവിനോടുള്ള സ്നേഹം കരസ്ഥമാക്കുന്നതിനും വേണ്ടി പിന്നീട് നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. തുടർന്ന് അല്ലാഹുവിന്റെ മുമ്പിൽ പ്രണമിക്കുകയും അവനോട് പൊറുക്കലിനെ തേടുകയും അവനെ ആരാധിക്കുകയും അന്യദൈവങ്ങളെയൊക്കെ ഉപേക്ഷിക്കുകയും ചെയ്യുക. ഈ മൂന്നുകാര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ, നിങ്ങൾ അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചവരും ഇഹലോകവും പരലോകവും മനസ്സിലാക്കിയവരും ആയെന്ന് അറിഞ്ഞുകൊള്ളുക.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഇതിനെക്കുറിച്ച് ഇവരോട് പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നവരും, നിങ്ങളുടെ പാപം പൊറുക്കുന്നവരുമാകാനാഗ്രഹിക്കുകയും ചെയ്യുന്നെങ്കിൽ, എന്നെ പിൻപറ്റുക എന്ന ഒരേയൊരു വഴിയെ അതിനുള്ളു.പറഞ്ഞു, എന്താണ് ഇപ്പറഞ്ഞതിന്റെ ഉദ്ദേശ്യം. എന്നെ പിൻപറ്റുക എന്നത്, ദൈവികകാരുണ്യത്തെ തൊട്ട് നിരാശനാകാൻ വിടുകയില്ല. പാപങ്ങൾ പൊറുക്കുന്നതിന് അത് കാരണമാകുകയും അല്ലാഹുവിനെ സ്നേഹിതനാക്കിത്തീർക്കുകയും ചെയ്യുന്നു. അതായത്, യഥാർത്ഥമായി പിൻപറ്റുന്നവർ ഒരിക്കലും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശരാകുകയില്ല. അവരിൽ ദൃഢവിശ്വാസത്തിന്റെ ഒരവസ്ഥ ഉണ്ടാകും. അതായത് ഈ പിൻപറ്റലിലൂടെ തീർച്ചയായും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കും. അവന്റെ സ്നേഹം കരസ്ഥമാക്കുമെന്ന ഉറച്ചവിശ്വാസം അവരിലുണ്ടാകും. പറഞ്ഞു: എന്നെ പിൻപറ്റൽ, പാപങ്ങൾ പൊറുക്കുന്നതിന് കാരണമാകുന്നു, അല്ലാഹുവിന്റെ സ്നേഹിതനാക്കിത്തീർക്കുന്നു. നിങ്ങൾ എന്നെ പിൻപറ്റുമ്പോഴാണ് ഞാൻ അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന നിങ്ങളുടെ വാദം, ശരിയായും സത്യമായും സ്ഥാപിതമാകുന്നത്. പിന്നീട് പറഞ്ഞു: മനുഷ്യന് അവൻ സ്വയം മെനഞ്ഞെടുത്ത പ്രവർത്തന മാർഗ്ഗങ്ങളിലൂടെ അല്ലാഹുവിന്റെ സ്നേഹവും ദൈവസാമീപ്യവും കരസ്ഥമാക്കാനൊക്കുകയില്ലെന്ന് ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നു.

നബി(സ) യെ പിൻപറ്റുന്നതിൽതന്നെ ഉപേക്ഷിക്കാത്തിടത്തോളം ദൈവീകപ്രകാശങ്ങളും ദിവ്യാനുഗ്രഹങ്ങളും ആർക്കും ലഭിക്കുകയില്ല. ആരാണോ നബി(സ) യോടുള്ള സ്നേഹത്തിൽ തന്നെ വെടിയുന്നത് ആ മഹാത്മാവിനെ പിൻപറ്റുന്നതിനായി എല്ലാത്തരം മരണങ്ങളേയും വരിക്കുന്നത് - അതായത് ഈ പിൻപറ്റലും സ്നേഹവും സത്യവിശ്വാസിയായ ദാസന് മറ്റെല്ലാത്തിനേക്കാളും മുന്നിട്ടുനിൽക്കണം. അന്യന്റെ മുന്നിൽ തലകുനിക്കുന്നവനാകാൻ പാടില്ല. ഏതവസ്ഥയിലും അല്ലാഹുവിന്റെ വാതിൽക്കൽ മാത്രം കുനിയുന്നവനായിരിക്കണം, ഇതാണ് ഒരഹ്മദിയ്ക്ക് ഉണ്ടായിരിക്കേണ്ടത് - അവന് ഈമാനിന്റെ പ്രകാശവും സ്നേഹവും പ്രേമവും നൽകപ്പെടുന്നു. അത് അന്യദൈവങ്ങളെ സ്വാധീനിക്കുന്നതിൽനിന്ന് അവനെ മോചിപ്പിക്കുന്നു. പാപങ്ങളിൽ നിന്ന് അത് മോചനത്തിന് കാരണമാകുന്നു. ഈ ലോകത്തുതന്നെ അവൻ ഒരു പരിശുദ്ധ ജീവിതം പ്രാപിക്കുന്നു. ശരീരേച്ഛയുടെ ഇടുങ്ങിയതും ഞെരുങ്ങിയതുമായ ഖബറുകളിൽനിന്ന് പുറത്ത് എടുക്കപ്പെടുന്നു. ഇതിലേക്കാണ് ഈ ഹദീസ് സൂചനനൽകുന്നത്. 'അനൽ ഹാശിറുല്ലദീ യുഅ്ശിറുന്നാസു അലാഖദമീ.' അതായത് എതൊരുവന്റെ പാദങ്ങൾ ആളുകളെ വഹിച്ചുകൊണ്ട് പോകുന്നുവോ ആ മൃതശരീരങ്ങളെ ഏറ്റുന്നവനാണ് ഞാൻ.

വീണ്ടും അവിടന്ന് പറയുന്നു: ലോകത്ത് കോടിക്കണക്കിന് പരിശുദ്ധാത്മാക്കൾ കഴിഞ്ഞുകടന്നിട്ടുണ്ട്. ഇനിയും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. പക്ഷെ ഇവരിലെല്ലാംവെച്ച് ഏറ്റവും ഉത്തമനും ഉന്നതനും ഉൽകൃഷ്ടനുമായിക്കണ്ടത് ഈ ദൈവദാസനെയാണ്. അദ്ദേഹത്തിന്റെ പേര് മുഹമ്മദ്(സ) എന്നാണ്. 'ഇന്നല്ലാഹ വ മലായിക്കത്തഹു യുസല്ലൂന അലന്നബിയ്യി യാഅയ്യുഹല്ലദീന ആമനൂ സല്ലു അലൈഹി വസല്ലിമു തസ്ലീമ.' വിശുദ്ധഖുർആൻ വിശദീകരിച്ച് പറഞ്ഞിട്ടില്ലാത്ത ജനതകളുടെ പുണ്യാത്മാക്കളുടെ സ്മരണ വിട്ടുകളഞ്ഞേക്കുക. വിശുദ്ധഖുർആൻ രേഖപ്പെടുത്തിയിട്ടുള്ള ആ നബിമാരെക്കുറിച്ച് മാത്രമാണ് നാം നമ്മുടെ അഭിപ്രായം പ്രകടിപ്പിക്കുന്നത്; ഹസ്റത്ത് മൂസാ, ഹസ്റത്ത് ദാവൂദ്, ഹസ്റത്ത് ഈസാ(അ), വിശുദ്ധഖുർആൻ പറഞ്ഞ മറ്റു നബിമാരും. അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് നാം പറയുന്നു: നബി(സ) തിരുമേനി ലോകത്തുവന്നില്ലായിരുന്നെങ്കിൽ, വിശുദ്ധഖുർആൻ ഇറങ്ങിയിരുന്നില്ലെങ്കിൽ നാം കണ്ട ആ അനുഗ്രഹങ്ങൾ ഒരിക്കലും നമുക്ക് കാണാൻ കഴിയുമായിരുന്നില്ല. എന്നുമാത്രമല്ല കഴിഞ്ഞുകടന്ന എല്ലാ പ്രവാചകൻമാരുടേയും സത്യത നമ്മളിൽ സംശയമായി നിൽക്കുകയും ചെയ്യുമായിരുന്നു. അതായത് വിശുദ്ധഖുർആന്റെ പാഠം മുന്നിലില്ലായിരുന്നെങ്കിൽ, വിശുദ്ധഖുർആൻ പ്രവാചകൻമാരെക്കുറിച്ച് പറഞ്ഞകാര്യങ്ങൾ നാം നോക്കികണ്ടില്ലായിരുന്നെങ്കിൽ - വിശുദ്ധഖുർആൻ പറഞ്ഞകാര്യങ്ങൾ കണ്ണുകൊണ്ട് നേരിട്ടുകണ്ടതുപോലെയാണ് - അവരുടെ സത്യതയെക്കുറിച്ച് നമ്മൾ സംശയത്തിലാകുമായിരുന്നു.

പറഞ്ഞു: കഥകളിലൂടെ യാഥാർത്ഥ്യമൊന്നും ലഭിക്കുകയില്ല. ആ കഥകൾ ശരിയല്ലാതെയുമാകാം. അവർ കാണിച്ചുവെന്ന് പറയുന്ന എല്ലാ ദിവ്യാത്ഭുതങ്ങളും അതിശയോക്തി പരവുമാകാം.കാരണം ഇപ്പോൾ അതിന്റെ പേരും ചിഹ്നവുമില്ല. എന്നുമാത്രമല്ല, കഴിഞ്ഞുകടന്ന ഗ്രന്ഥങ്ങളിൽനിന്ന് ദൈവത്തെക്കുറിച്ച് അറിയാനേ കഴിയുന്നില്ല. അല്ലാഹു മനുഷ്യനോടു സംസാരിക്കുന്നുവെന്നും അതിൽ നിന്ന് തീർച്ചയായും മനസ്സിലാക്കാൻ പറ്റുകയില്ല.

എന്നാൽ നബി(സ)യുടെ ആഗമനത്തോടെ ഇതെല്ലാം യാഥാർത്ഥ്യമായി തെളിഞ്ഞു. ഇപ്പോൾ നമ്മൾ വെറും പറച്ചിലായിട്ടല്ല, മറിച്ച് അനുഭവത്തിലൂടെ അതെല്ലാം മനസ്സിലാക്കുന്നു. അതായത് ഇതൊന്നും ഇപ്പോൾ കേട്ടറിഞ്ഞകാര്യമല്ല. അനുഭവത്തിലൂടെ മനസ്സിലായകാര്യമായിത്തീർന്നിരിക്കുന്നു; നമുക്കറിയാം ദൈവഭാഷണം എന്താണെന്ന്. ഇപ്പോൾ ഇത് കഥയായി അവശേഷിക്കുന്നില്ല. നബി(സ) യുടെ പരിശുദ്ധമായ ശക്തിപ്രഭാവം കൊണ്ട്, അല്ലാഹു എങ്ങനെയാണ് മനുഷ്യരോട് സംസാരിക്കുന്നതെന്നും മനസ്സിലായിരിക്കുന്നു. എങ്ങനെ കേൾക്കുന്നു, എങ്ങനെ കേൾപ്പിക്കുന്നു, എന്നും അറിയാൻകഴിയുന്നു. അല്ലാഹുവിന്റെ അടയാളം എങ്ങനെയാണ് വെളിപ്പെടുന്നത്? എങ്ങനെയാണ് ദുആ സ്വീകരിക്കപ്പെടുന്നത്? ഇതെല്ലാം നാം നബി(സ) തിരുമേനിയെ പിൻപറ്റുന്നതുകൊണ്ടാണ് പ്രാപിച്ചത്. അന്യർ കഥയെന്നപോലെ വിവരിക്കുന്ന കാര്യങ്ങൾ എല്ലാം നാം കണ്ടിരിക്കുന്നു. ദൈവത്തെ കാണിക്കുന്ന ഒരു നബിയുടെ കോന്തലയിലാണ് നാം പിടിച്ചിട്ടുള്ളത്. ആരോ കവിതാശകലം നല്ലപോലെ പാടിയിരിക്കുന്നു.

*മുഹമ്മദേ അറബി ബാദ്ശാഹെ ദോസരാ*

*കരേഹെ റൂഹെ ഖുദ്സ് ജിസ്കെ ദർകെ ദർബാനി*

*ഉസെ ഖുദാ തൊ നഹി കഹ്സകൂം പെ കഹ്താഹും*

*കെ ഉസ്കെ മർതബ അദാനിമെഹെ ഖുദാദാനി.*

(സകല രാജാക്കന്മാരിലും വെച്ച് ഏറ്റവും വലിയ രാജാവാണ് അറേബ്യയിൽ ആഗതരായ മുഹമ്മദ്(സ). അദ്ദേഹത്തിന്റെ ദർബാറിനെ കാത്തുസൂക്ഷിക്കുന്നത് പരിശുദ്ധാത്മാവാണ്. അദ്ദേഹം ദൈവമാണെന്ന് എനിക്ക് പറയാൻ പറ്റില്ല. എന്നാൽ അദ്ദേഹത്തിന്റെ ആത്മീയമായ ഔന്നത്യം മനസ്സിലാക്കുന്നതിനാണ് ദൈവം തിരിച്ചറിയപ്പെടുന്നത് എന്ന് ഞാൻ പറയും.)

ശരീരങ്ങൾക്ക് സൂര്യനെന്നപോലെ ഭാഗ്യശാലികളുടെ ആത്മാവിന് സൂര്യനായിരിക്കുന്ന ആ നബി(സ) യെ പിൻപറ്റാനുള്ള സൗഭാഗ്യം നൽകിയ അല്ലാഹുവിന് എങ്ങനെയാണ് നാം ശുക്റ് ചെയ്യേണ്ടത്. അതായത് നല്ലപ്രകൃതക്കാരായ ആളുകളുടെ ആത്മാവിന് പുതുമ നൽകുന്നതിനുവേണ്ടി, അവർക്ക് പ്രകാശമെത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു സൂര്യനാണ്; നമ്മുടെ ശരീരത്തിന് സൂര്യൻ ആവശ്യമെന്നതുപോലെ. അദ്ദേഹം അന്ധകാരനിബിഡമായ കാലത്തിൽ ആവിർഭവിച്ചു. ലോകത്തെ തന്റെ പ്രകാശം കൊണ്ട് പ്രകാശമാനമാക്കി. അറേബ്യയുടെ എല്ലാ സ്ഥലങ്ങളേയും ശിർക്കിൽ നിന്ന് പരിശുദ്ധമാക്കുവോളം അദ്ദേഹം ക്ഷീണിച്ചില്ല, ശോഷിച്ചില്ല. തന്റെ സത്യതയുടെ തെളിവ് അദ്ദേഹം തന്നെയാണ്. കാരണം അദ്ദേഹത്തിന്റെ പ്രകാശം എല്ലാകാലങ്ങളിലുമുണ്ട്. നിർമ്മലവും ശുദ്ധവുമായ ഒരു നദിയിലെ ജലം അഴുക്കുപുരണ്ടവസ്ത്രത്തെ വൃത്തിയാക്കുന്നതുപോലെ, സത്യമായ നിലയിലുള്ള അദ്ദേഹത്തെ പിൻപറ്റൽ മനുഷ്യനെ പരിശുദ്ധനാക്കുന്നു. സത്യഹൃദയത്തോടെ നമ്മുടെയടുത്തു വന്നിട്ടുള്ള ആരെങ്കിലും ഈ പ്രകാശം കാണാതിരിന്നിട്ടുണ്ടോ? ആരോഗ്യകരമായ നിലയിൽ ഈ വാതിലിൽ മുട്ടിവിളിച്ചവന് അത് തുറക്കപ്പെടാതിരുന്നിട്ടുണ്ടോ? എന്നാൽ, വ്യസനകരമെന്ന് പറയട്ടെ, തരംതാണ ജീവിതത്തെ ഇഷ്ടപ്പെടുകയെന്നതാണ് മിക്ക മനുഷ്യന്റേയും ശീലം; പ്രകാശം അവരുടെ ഉള്ളിൽ കടക്കണമെന്ന് അവർ ആഗ്രഹിക്കുന്നില്ല. നബി(സ) തിരുമേനിയുടെ സ്ഥാനമഹിമ വിവരിച്ചതിനുശേഷം, 'സത്യഹൃദയത്തോടെ നമ്മുടെയടുക്കൽ വന്നിട്ട് മുഹമ്മദ് നബി(സ) തിരുമേനിയുടെ പ്രകാശത്തെക്കുറിച്ച് അറിയാത്ത ആരെങ്കിലുമുണ്ടോ,' എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) ചോദിക്കുന്നു. അതായത് ആ പ്രകാശത്തെ കാണണമെന്ന ഉദ്ദേശ്യത്തോടെ വന്നിട്ട് അതു കാണിക്കാതിരുന്നിട്ടുണ്ടോ? കാരണം, ഇക്കാലത്ത് നബി(സ)യുടെ കനകപ്രഭ കാണുന്നതിനുവേണ്ടി മസീഹ്മൗഊദ്(അ)ന്റെയടുക്കൽ തന്നെ വരേണ്ടിവരും. 1400 വർഷങ്ങൾക്കുശേഷം വരുന്ന മസീഹ് മഹ്ദി എന്റെ പ്രകാശത്താൽ പ്രദീപ്തനാകുമെന്നും, എന്റെ പ്രകാശം തന്നെയായിരിക്കും അദ്ദേഹം പരത്തുന്നതെന്നും നബി(സ) തന്നെ പറഞ്ഞിട്ടുള്ളതാണ്. പതിനാലാം നൂറ്റാണ്ടിൽ ആവിർഭവിക്കുന്ന മസീഹ് മഹ്ദിയെ വിശ്വസിക്കുകയെന്നതും നബി(സ) തിരുമേനിയെ അനുധാവനം ചെയ്യുന്നതിൽ പെട്ടകാര്യങ്ങളാണ്. അല്ലാതെ ഇക്കാലത്തെപ്പോലെ ഇഷ്ടപ്പെട്ടത് സ്വീകരിക്കുകയും അനിഷ്ടകരമായത് സ്വീകരിക്കാതിരിക്കുകയും ചെയ്യുക എന്നതല്ല. ഇത് തരംതാണതും ദുഷിച്ചതുമായ ജീവിതം ഇഷ്ടപ്പെടുന്നതുപോലുള്ള കാര്യങ്ങളാണെന്നാണ് അവിടന്ന് പറഞ്ഞിരിക്കുന്നത്.

നബി(സ) തിരുമേനി തന്നെക്കുറിച്ച് സ്വയം എന്താണ് പറഞ്ഞതെന്ന് നമുക്ക് നോക്കാം; തന്നെ എങ്ങനെ സ്നേഹിക്കണമെന്നാണ് നബി(സ)തിരുമേനി പറഞ്ഞത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ഏതൊരുവന്റെ കൈയിൽ എന്റെ ജീവനിരിക്കുന്നുവോ അവനെക്കൊണ്ട് സത്യം! നിങ്ങളുടെ പിതാവിനെക്കാളും മക്കളെക്കാളും കൂടുതൽ എന്നെ സ്നേഹിക്കാത്തിടത്തോളം നിങ്ങളിലാരുംതന്നെ സത്യവിശ്വാസി അഥവാ മുഅ്മിൻ എന്നു പറയപ്പെടുകയില്ല.' ഭൗതീകമായ ഉദാഹരണം എടുത്തുപറഞ്ഞുകൊണ്ട്, ഈ മാനദണ്ഡമാണ് വിവരിച്ചിട്ടുള്ളത്. അനുഗമിക്കുന്നുവെന്ന വാദം മാത്രം പോര, മറിച്ച് മാതാപിതാക്കൾ, മക്കൾ തുടങ്ങിയ ഭൗതീക ബന്ധത്തേക്കാളധികം ഞാൻ

നിങ്ങൾക്ക് പ്രിയപ്പെട്ടവനായിരിക്കണമെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു. ഏറ്റവും കൂടുതൽ എന്നെ നിങ്ങൾ സ്നേഹിക്കുക.

സ്വഹാബിമാർ, അവരിൽ കുട്ടികളും വൃദ്ധൻ മാരും ചെറുപ്പക്കാരുമുണ്ടായിരുന്നു. അവർ ഈ രീതിയിൽ ത്യാഗങ്ങൾ വരിച്ചു. ഈ രീതിയിൽ അവർ സ്നേഹിച്ചു. കുട്ടികൾ അവരുടെ മാതാപിതാക്കളെ ഉപേക്ഷിക്കാൻ തയ്യാറായി, പക്ഷെ അവിടത്തെ ഉമ്മറപ്പടി അവർ വിട്ടില്ല. അതുകൊണ്ട് ഇന്ന് നാമും അതേ മാതൃക നിലനിറുത്തേണ്ടതാണ്. ഇൻശാഅല്ലാഹ് ഇസ്ലാമിന്റെ അധ്യാപനത്തെ വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും, ഇക്കാര്യത്തിൽ ലോകത്തെ ഭയക്കാതിരിക്കുകയും വേണമെന്ന് അവിടന്ന് പറഞ്ഞതുപോലെതന്നെ. നബി(സ) തിരുമേനിയോടുള്ള സ്നേഹവും ആഭിമുഖ്യവും പ്രേമവും നമ്മുടെ ഹൃദയത്തിലുണ്ടാവാണ്ടേതാണ്. അതിനെതിൽ മറ്റെല്ലാ വസ്തുക്കൾക്കും മറ്റെല്ലാ ബന്ധങ്ങൾക്കും ആഭിമുഖ്യങ്ങൾക്കും അതെന്തുതന്നെയായാലും ഒരു സ്ഥാനവും നൽകാൻ പാടില്ലാത്തതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് നബി(സ)യെ സംബന്ധിച്ച് വലിയ അഭിമാനമായിരുന്നു. നബി(സ)യ്ക്കെതിരെ ഉന്നയിക്കുന്ന നിസ്സാരകാര്യം പോലും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് സഹിക്കാൻ കഴിയുമായിരുന്നില്ല. അത്തരം കാര്യങ്ങൾ കേൾക്കുമ്പോൾ മസീഹ്മൗഊദ്(അ)നുണ്ടാകുന്ന അസ്വസ്ഥത വിവരണാതീതമാണ്. നബി(സ)യ്ക്കെതിരെ സംസാരിക്കുന്ന അത്തരക്കാരെ കാണുന്നതുപോലും അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല. ക്രിസ്തീയ മിഷണറിമാർ അക്കാല ത്ത് നബി(സ)യ്ക്കെതിരിൽ ചില ദോഷാരോപണങ്ങൾ കെട്ടിയുണ്ടാക്കിപറഞ്ഞപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അങ്ങേയറ്റം വേദനയും ദുഃഖവുമുണ്ടായി. ഇക്കാര്യം ചിത്രീകരിച്ചുകൊണ്ട് അവിടന്ന് തന്നെ പറയുന്നു: ക്രിസ്തീയ മിഷണിമാർ നമ്മുടെ പ്രിയപ്പെ ട്ട റസൂലുല്ലാഹ്(സ) തിരുമേനിയ്ക്കെതിരെ നിരവധി വ്യാജാരോപണങ്ങൾ കെട്ടിയുണ്ടാക്കി പറഞ്ഞിരിക്കുന്നു. ഈ പെരുങ്കള്ളം മുഖേന വലിയൊരു ജനവിഭാഗത്തെ വഴിപിഴപ്പിച്ചുവെച്ചിരിക്കുന്നു. ഇക്കൂട്ടർ നമ്മുടെ റസൂൽ(സ)ന്റെ അന്തസ്സിനെതിരിൽ ചെയ്തുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങളും അവഹേളനങ്ങളും എന്നെ ദുഃഖത്തിലാഴ്ത്തിയതുപോലെ മറ്റൊരു സംഭവവും എന്നെ ദുഃഖത്തിലാഴ്ത്തിയിട്ടില്ല.

സൃഷ്ടികുലോത്തമന്റെ ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങൾക്കെതിരെയുള്ള, മനസ്സിനെ വേദനിപ്പിക്കുന്ന ഇവരുടെ പരിഹാസശരങ്ങളും മുള്ളുവാക്കും എന്റെ ഹൃദയത്തെ ഗുരുതരമായി മുറിവേൽപിച്ചിരിക്കുകയാണ്. അല്ലാഹുവാണ! എന്റെ സകല മക്കളും മക്കളുടെ മക്കളും എന്റെ സകല സുഹൃത്തുക്കളും, എന്റെ സകല സഹായികളും എന്റെ കണ്ണിനുമുമ്പിൽ അറുകൊലചെയ്യപ്പെട്ടാലും എന്റെ കൈകാലുകൾത്തന്നെ വെട്ടിമുറിക്കപ്പെട്ടാലും എന്റെ കൃഷ്ണമണികൾ ചൂഴ്ന്നെടുത്ത് വെളിയിലിട്ടാലും എന്റെ എല്ലാ ലക്ഷ്യങ്ങളും സഫലമാകാതിരുന്നാലും എന്റെ എല്ലാ സുഖസൗകര്യങ്ങളും നഷ്ടപ്പെട്ടുപോയാലും, അതിനെതിരിൽ എനിക്കേറ്റവും ദുഃഖഭാരമായിത്തീരുന്നത് നബി(സ) തിരുമേനിക്കെതിരെ ഇങ്ങനെ ചെയ്യപ്പെടുന്ന അവിശുദ്ധ ആക്രമണമാണ്. അതുകൊണ്ട് എങ്ങും പ്രകാശിക്കുന്നവനായ എന്റെ യജമാനനായ അല്ലാഹുവേ, നീ ഞങ്ങളുടെ മേൽ നിന്റെ കാരുണ്യത്തിന്റെയും സഹായത്തിന്റെയും ദൃഷ്ടി പതിപ്പിക്കേണമേ. ഈ പരീക്ഷണത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ!

വാഗ്ദത്ത മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പ്രകടിപ്പിച്ച ആ ആത്മീയ രോഷമാണിത്. ഈ ആത്മീയരോഷം, നബി(സ)യോടുള്ള അതിയായ സ്നേഹത്തിൽനിന്ന് നിർഗ്ഗളിച്ചതാണ്. ഇത് തന്റെ ജമാഅത്തിലെ ഓരോ വ്യക്തിയിലും കാണാൻ അവിടന്ന് ആഗ്രഹിച്ചിരുന്നു. ഈ അധ്യാപനത്തിന്റെ സ്വാധീന ഫലമായിട്ടാണ് ഈ സ്നേഹം ജമാഅത്തിന്റെ ഹൃദയങ്ങളിലുണ്ടായത്. ഈ സ്നേഹത്തിന് വിധേയരായിക്കൊണ്ട് ജമാഅത്ത് നബി(സ)യുടെ ആ സന്ദേശം മുമ്പോട്ട് എത്തിക്കുന്നതിൽ വ്യാപൃതരാണ്. ഇന്ന് ദുൻയാവിന്റെ മുക്കിലും മൂലയിലും, ഈ ആത്മീയരോഷത്തിന്റെ തേട്ടം നിറവേറ്റിക്കൊണ്ട് നബി(സ)യുടെ സന്ദേശം ജമാഅത്തു മുഖേന എത്തിച്ചുകൊണ്ടിരിക്കുന്നു. ഇൻശാഅല്ലാഹ് എപ്പോഴും എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഈ സന്ദേശം എത്തിക്കുന്നതിനുള്ള രീതിയും ലോകത്തെ ചലഞ്ചുചെയ്യാനുള്ള തന്റേടവും - ഞാൻ പറഞ്ഞുവന്നതുപോലെ നമുക്കു നല്കിയത് ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെയാണ്. അദ്ദേഹത്തിന് നബി(സ)യോടുള്ള സ്നേഹവും, അതു സംബന്ധമായ ആത്മീയരോഷവും മുകളിൽ ചേർത്ത ഉദ്ധരണിയിൽ വന്നു കഴിഞ്ഞു. നിങ്ങളുടെ മതമേതായാലും, നിങ്ങൾക്ക് എത്രമാത്രം ശക്തിയും മാർഗ്ഗവും ഉണ്ടായാലും, നിങ്ങൾ എത്രത്തോളം പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്താലും, ഓർമിച്ചുകൊള്ളുക, ഇന്ന് ലോകത്തെ അതിജയിക്കുന്ന മതം ഇസ്ലാം മാത്രമായിരിക്കുമെന്ന് വ്യക്തമായ ഭാഷയിൽ ലോകത്തെ വെല്ലുവിളിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു. അവിടന്ന് പറയുന്നു:

ഭൂമിയിൽ വസിക്കുന്ന ജനസാകല്യമേ! പാശ്ചാത്യപൗരസ്ത്യ ദേശങ്ങളിൽ വസിക്കുന്ന മനുഷ്യത്മാക്കളേ! ഞാൻ പൂർണ്ണശക്തിയോടെ നിങ്ങളെ ഈ ഭാഗത്തേക്ക് ക്ഷണിക്കുകയാണ്. ഇപ്പോൾ ലോകത്ത് സത്യമായ മതം ഇസ്ലാം മാത്രമാണ്. വിശുദ്ധഖുർആൻ വിവരിച്ച ആ ദൈവം മാത്രമാണ് സത്യവാനായ ദൈവം. ആത്മീയമായ എന്നെന്നും ജീവിച്ചിരിക്കുന്ന നബി, പ്രതാപത്തിന്റെയും വിശുദ്ധിയുടെയും

സിംഹാസനത്തിൽ ഇരിക്കുന്ന നബി ഹസ്റത്ത് മുഹമ്മദു മുസ്തഫാ(സ) ആകുന്നു. അദ്ദേഹത്തെ അനുഗമിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതുകൊണ്ട്, റൂഹുൽ ഖുദ്സിന്റെയും ദൈവഭാഷണത്തിന്റെയും ദിവ്യദൃഷ്ടാന്തങ്ങളുടെയും പാരിതോഷികം നാം പ്രാപിക്കുക എന്നതാണ് ആ മഹാത്മാവിന്റെ ആത്മീയ ജീവിതത്തിനും പരിശുദ്ധ പ്രതാപത്തിനുമുള്ള തെളിവ്. എന്നാൽ, ദുഃഖകരമായ വസ്തുത, ഇന്ന് ഈ മുഹമ്മദീ മസീഹിന്റെ ജമാഅത്ത് ജീവനുള്ള ദൈവത്തെയും ജീവനുള്ള മതത്തെയും അന്തസ്സും പ്രൗഢിയുമുള്ള ആ നബിയുടെ അധ്യാപനത്തെയും ലോകത്ത് പരത്താൻ പരിശ്രമിക്കുമ്പോൾ, മുസ്ലിം എന്ന് അവകാശപ്പെടുന്നവർ കല്ലിട്ട് തടസ്സമുണ്ടാക്കുന്നു എന്നതാണ്. പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു. ഇതിനെതിരിൽ ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. അല്ലാഹുതന്നെ കരുണ ചെയ്യുമാറാകട്ടെ.

നബി(സ)യെ സ്നേഹിക്കുകയും അവിടത്തെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തതിന്റെ ഫലമായി അല്ലാഹുതആല തന്നെ സ്നേഹിച്ചതെങ്ങനെ എന്ന് വിവരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഇതിനുശേഷമുണ്ടായ വെളിപാട് ഇതാണ്. '*സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ സയ്യിദു വുൽദെ ആദം വ ഖാത്തമന്നബിയ്യീൻ.*' സ്വലാത്ത് ചൊല്ലുക, മുഹമ്മദിന്റെയും മുഹമ്മദിന്റെ കുടുംബാദികളുടെയും മേൽ; അദ്ദേഹം ആദം സന്തതികളുടെ നേതാവും ഖാത്തമുൽ അമ്പിയാവുമാണ്. (സ)

ഈ എല്ലാ പദവികളും, അനുഗ്രഹങ്ങളും, കാരുണ്യങ്ങളും ആ മഹാത്മാവിന്റെ മാർഗ്ഗം മുഖേനയാണ്, ആ മഹാത്മാവിനെ സ്നേഹിച്ചതിന്റെ വേതനമാണ്. സുബ്ഹാനല്ലാഹ്! ദൈവിക സവിധത്തിൽ ആ സൃഷ്ടികളുടെ നേതാവിന് എത്രമാത്രം ഉന്നത പദവികളാണുള്ളത്. അതായത് അല്ലാഹുവിന്റെ പക്കൽ നബി(സ) തിരുമേനിക്ക് എത്രമാത്രം ഉന്നതമായ സ്ഥാനമാണുള്ളത്. ഏതുരീതിയിലുള്ള അടുപ്പമാണുള്ളത്. അദ്ദേഹത്തെ സ്നേഹിക്കുന്നവൻ അല്ലാഹുവിന്റെ പ്രേമഭാജനമായിത്തീരുന്നു. അദ്ദേഹത്തിന്റെ സേവകൻ ലോകത്തിന്റെ നേതാവായിത്തീരുന്നു."

ഒരു പാർസി കവിതയിൽ പറയുന്നു: എന്റെ പ്രേമഭാജനത്തിനെതിരിൽ, ഒരു പ്രേമഭാജനവുമില്ല. എന്റെ സുഹൃത്തിനെതിരിൽ ചന്ദ്രനും സൂര്യനും പോലും ഒരു വിലയുമില്ല. അദ്ദേഹത്തിന്റെ മുഖകമലം വിളങ്ങുന്നതുപോലെ വിളങ്ങുന്ന മുഖകമലം വേറെ എവിടെയാണുള്ളത്? എന്റെ സുഹൃത്തിന്റെ തോട്ടത്തെപ്പോലെ വസന്തകാലം വന്നിട്ടുള്ള ആ തോട്ടമെവിടെയാണുള്ളത്?

ഈ സ്ഥാനത്ത് എനിക്കോർമ വന്നു. ഒരു രാത്രി ഈ വിനീതൻ വളരെയധികം സ്വലാത്ത് ചൊല്ലി. എത്രമാത്രമെന്നാൽ ദേഹവും ദേഹിയും അതുമുഖേന സൗരഭ്യമുള്ളതായിത്തീർന്നു. ശുദ്ധമായ ജലത്തിന്റെ രൂപത്തിൽ പ്രകാശത്തിന്റെ നിറകുടങ്ങൾ ഈ വിനീതന്റെ വീട്ടിൽ കൊണ്ടുവരുന്നതായി ആ രാത്രിയിൽ സ്വപ്നം കണ്ടു. താങ്കൾ മുഹമ്മദിലേക്ക് അയച്ചതിന്റെ അനുഗ്രഹമാണിതെന്ന് അവരിലൊരാൾ പറഞ്ഞു. അപ്രകാരം തന്നെ വിസ്മയകരമായ മറ്റൊരു സംഭവം ഓർമവന്നു. ഒരിക്കൽ ഇൽഹാമുണ്ടായി. അതിന്റെ അർത്ഥം ഇങ്ങനെ. പരമോന്നതദിവ്യ സന്നിധിയിലെ ആളുകൾ വൈരാഗ്യത്തിലാണ്. അതായത് അല്ലാഹുവിന്റെ തീരുമാനം ദീനിനെ ജീവിപ്പിക്കുന്നതിന് അഭിനിവേശത്തിലാണ്; എന്നാൽ, ആരാണ് ദീനിനെ ജീവിപ്പിക്കുന്നതെന്ന് അവിടെ വ്യക്തമാക്കപ്പെട്ടില്ല. അതുകൊണ്ട് അവർ ഭിന്നാഭിപ്രായത്തിലാണുള്ളത്. അതായത്, അല്ലാഹു ദീനിനെ പുനരുജ്ജീവിപ്പിക്കുന്നതിന് അത്യുത്സാഹത്തിലാണ്, എന്നാൽ ജീവിപ്പിക്കുന്ന ആളെക്കുറിച്ച് അയാൾ ആരാണെന്ന് തീരുമാനം ആയിട്ടില്ല. ആ അവസരത്തിൽ, ജനങ്ങൾ ദീനിനെ ജീവിപ്പിക്കുന്ന ഒരാളെ തിരഞ്ഞുനടക്കുന്നതായി സ്വപ്നത്തിൽ കണ്ടു. ഒരാൾ ഈ വിനീതന്റെയടുക്കൽ വന്ന് എന്നെ ചൂണ്ടിക്കൊണ്ടു പറഞ്ഞു, '*ഹാദാ റജുലുൻ യുഹിബ്ബു റസൂലല്ലാഹി.*' അതായത് നബിയെ സ്നേഹിക്കുന്ന മനുഷ്യനാണ് ഇദ്ദേഹം. (അതായത് നബി(സ) തിരുമേനിയെ അതിയായി സ്നേഹിക്കുന്ന വ്യക്തി ഇദ്ദേഹം മാത്രമാണ്. ഇദ്ദേഹമാണ് ദീനിനെ വീണ്ടും ജീവിപ്പിക്കേണ്ടത്.) ഈ വാക്യത്തിന്റെ ഉദ്ദേശ്യം ഈ സ്ഥാനത്തിനുള്ള ഏറ്റവും വലിയ നിബന്ധന റസൂൽ(സ)നോടുള്ള സ്നേഹമാണ് എന്നതായിരുന്നു. അതായത് ദീനിനെ ജീവിപ്പിക്കുന്ന ആൾക്കു വേണ്ട നിബന്ധന, നബിയോടുള്ള സ്നേഹം അയാളുടെ ഹൃദയത്തിലുണ്ടാകുക എന്നതാണ്. അത് ഈ വ്യക്തിയിലുണ്ട്. അപ്രകാരം തന്നെ മുകളിൽപ്പറഞ്ഞ ഇൽഹാമിൽ റസൂൽ(സ)ന്റെ കുടുംബത്തിനുമേലും സ്വലാത്ത് ചൊല്ലാൻ കല്പനയുണ്ട്. അതിലുള്ള രഹസ്യവും ദൈവികപ്രഭയിൽ വളർച്ചയുണ്ടാകുന്നതിന് നബി(സ)യേയും കുടുംബത്തേയും ആദരവോടെ സ്നേഹിക്കുക എന്നതാണ്. അതായത് അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിന് നബി(സ)യോടും അവിടത്തെ കുടുംബത്തോടും സ്നേഹം ഉണ്ടാകേണ്ടതാണ്.

ആരാണോ അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചവരിൽ ഉൾപ്പെടുന്നത്, അവർ ആ പരിശുദ്ധന്മാരുടെയും ഉത്തമന്മാരുടെയും അനന്തരാവകാശം പ്രാപിക്കുന്നതാണ്. എല്ലാ അറിവുകളിലും ഈശ്വരജ്ഞാനങ്ങളിലും അവരുടെ അവകാശിയായിത്തീരുന്നു. ഇവിടെ വളരെ വ്യക്തമായിക്കണ്ട ഒരു ദിവ്യദർശനം ഓർമവരികയാണ്. അതിതാണ്. ഒരിക്കൽ മഗ്രിബിനുശേഷം തികച്ചും ജാഗ്രതാവസ്ഥയിൽ ഒരു ചെറിയ മയക്കംപ്പോലെ വന്നപ്പോൾ അത്ഭുതകരമായ ഒരു

ലോകം വെളിപ്പെട്ടു. ആദ്യം ചിലയാളുകൾ പെട്ടെന്ന് പെട്ടെന്ന് നടന്നുവരുന്ന ശബ്ദം കേട്ടു; ചെരുപ്പിന്റെ ശബ്ദം കേൾക്കുന്നതുപോലെ. പിന്നീട് ആ സമയത്തുതന്നെ ആരോഗദൃഢഗാത്രരും സൗന്ദര്യവാന്മാരും ജനസമ്മതി നേടിയവരുമായ അഞ്ച് ആളുകൾ മുന്നിൽവന്നു. അതായത് നബി(സ), ഹസ്റത്ത് അലി, ഹുസ്നൈൻ, ഫാതിമത്തുസ്സുഹ്റ(റ). അവരിൽ ഒരാൾ (ഹസ്റത്ത് ഫാത്വിമ(റ) ആണെന്ന് ഓർമിക്കുന്നു) അങ്ങേയറ്റം സ്നേഹത്തോടെ ദയാവതിയായ ഉമ്മയെപ്പോലെ ഈ വിനീതന്റെ തല തന്റെ തുടയിൽ വെച്ചു. (ഇവിടെയും ചില എതിരാളികൾ തല തുടയിൽ വെച്ചതിനാൽ എതിർപ്പു പ്രകടിപ്പിക്കുന്നു. തങ്ങളുടെ ദുഷ്ടവിചാരത്തിന്റെ അടിസ്ഥാനത്തിലാണ് അവർ കാര്യങ്ങൾ നോക്കിക്കാണുന്നതും പ്രകടിപ്പിക്കുന്നതും. അതു കാണുമ്പോൾ ലജ്ജ തോന്നുന്നു. മുസ്ലിമായ ഒരു മനുഷ്യൻ ആ രീതിയിൽ സംസാരിക്കുകയില്ല. ദയാലുവായ ഉമ്മയെപ്പോലെ എന്നാണ് അവിടന്ന് പറയുന്നത്. ഉമ്മയുടെ സ്ഥാനത്തിന്റെ, പദവിയുടെ ഉദാഹരണമാണ് ഇവിടെ പറയുന്നത്. അതിലും തെറ്റായ വിചാരം വെച്ചുപുലർത്തുകയാണെങ്കിൽ അല്ലാഹുതആല അത്തരക്കാരുടെ അവസ്ഥയിൽ കരുണ ചൊരിയട്ടെ എന്നു പ്രാർത്ഥിക്കുകയല്ലാതെ മറ്റെന്തു ചെയ്യാനാണ്.) അവർ മുന്നിൽവന്ന് എഴുന്നേറ്റ് നിന്നു. കുട്ടികളെ കെട്ടിപിടിക്കുന്നതുപോലെ കെട്ടിപിടിച്ചു. അതിനുശേഷം ഒരു ഗ്രന്ഥം എനിക്കു നല്കി. അതിനെക്കുറിച്ച്, ഇത് ഖുർആനിന്റെ വ്യാഖ്യാനമാണെന്നും അത് അലി രചിച്ചതാണെന്നും അലി തന്നെ ആ വ്യാഖ്യാനം നിങ്ങൾക്കു തരുന്നുവെന്നും പറയപ്പെട്ടു. '*ഫ അൽഹംദുലില്ലാഹി അലാ ദാലിക്.*'

ആ സത്യപ്രേമിയുടെ, നബി(സ)യുടെ ആത്മീയ സുതന്റെ സ്നേഹം നോക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് തന്റെ യജമാനരായ നബി(സ)യോടുണ്ടായിരുന്ന സ്നേഹം. എണ്ണമറ്റ സ്വലാത്ത് നബി(സ)യുടെ മേൽ അവിടന്ന് ചൊല്ലാറുണ്ടായിരുന്നു. അതിന്റെ ഫലമായി പിന്നീട് അല്ലാഹുതആല അനുഗ്രഹിച്ചു. ഇതിൽനിന്ന് അതു പ്രകടമാണ്. അതുകൊണ്ട്, ഇന്ന് നമ്മളും ആ സ്നേഹത്തിന്റെ മാതൃക നിലനിറുത്താൻ ശ്രമിക്കേണ്ടതാണ്; ലോകത്തെ എത്രയും വേഗം ആ യജമാനന്റെ കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി. ആ മഹാത്മാവ് മുഴുലോകത്തിനും വേണ്ടി നിയോഗിക്കപ്പെട്ടയാളാണ്. ലോകത്ത് ശാന്തിയുടെയും സമാധാനത്തിന്റെയും അന്തരീക്ഷമുണ്ടാകാനും ഇതു അനിവാര്യമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് നബി(സ)യോടുള്ള സ്നേഹത്തെ പ്രതിപാദിക്കുന്ന മറ്റു ചില ഉദാഹരണങ്ങൾ പറയാം. അവിടത്തെ മക്കളുടെയും മറ്റുള്ളവരുടെയും നിവേദനങ്ങളാണിത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രണ്ടാമത്തെ മകനായ ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: ഈ വിനീതൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽ പിറന്നു. ഇത് അല്ലാഹുവിന്റെ മഹത്തായ ഒരു അനുഗ്രഹമാണ്. അതിനു നന്ദി പറയാൻ എന്റെ നാവിന് ശക്തിയില്ല. എന്നല്ല, സത്യമെന്താണെന്നുവച്ചാൽ, ഇതിനു നന്ദി പ്രകടിപ്പിക്കുന്നതിന് ചിന്തിക്കാൻപോലും എന്റെ മനസ്സിന് ശക്തിയില്ല എന്നതാണ് വാസ്തവം. എന്നാൽ, ഒരു നാൾ മരിച്ചിട്ട് അല്ലാഹുവിന് എന്റെ ജീവൻ കൊടുക്കേണ്ടതുണ്ട്. ഞാൻ അല്ലാഹുവിനെ സാക്ഷി നിറുത്തിക്കൊണ്ടു പറയുന്നു: നബി(സ) തിരുമേനിയുടെ കാര്യങ്ങൾ പറയുമ്പോൾ, എന്നല്ല പേരുപറയുമ്പോൾ തന്നെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കണ്ണുകളിൽ അശ്രുകണങ്ങൾ പൊടിയാത്ത ഒരു അവസ്ഥ ഞാൻ കണ്ടിട്ടേയില്ല. അവിടത്തെ മനസ്സും ബുദ്ധിയും എന്നല്ല ശരീരത്തിന്റെ ഓരോ അംശവും തന്റെ യജമാനരായ, സൃഷ്ടികളുടെ നേതാവും ലോകത്തിനു അഭിമാനവുമായ നബി(സ)യോടുള്ള സ്നേഹത്താൽ നിറഞ്ഞിരിക്കുന്നു.

വേറൊരു സംഭവം വിവരിച്ചുകൊണ്ടുപറയുന്നു. ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വീടിനടുത്തുള്ള ചെറിയ പള്ളിയിൽ, മസ്ജിദ് മുബാറക്കിൽ ഒറ്റയ്ക്ക് ഉലാത്തുകയായിരുന്നു. പതുക്കെപ്പതുക്കെ എന്തോ മൂളുകയും ചെയ്തിരുന്നു. അതിനോടൊപ്പം കണ്ണീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. ആ സമയത്ത് ഒരു ആത്മാർത്ഥ സുഹൃത്ത് വെളിയിൽ നിന്നു വന്നു കേട്ടു. അവിടന്ന് നബി(സ)യുടെ സ്വഹാബിയായിരുന്ന ഹസ്റത്ത് ഹസ്സാൻ ബിൻ സാബിത്(റ)ന്റെ ഒരു കവിതാശകലം ചൊല്ലുകയായിരുന്നു. നബി(സ) വഫാത്തായപ്പോൾ ഹസ്റത്ത് ഹസ്സാൻ(റ) ചൊല്ലിയ വരികളായിരുന്നു അത്. ആ കവിതാശകലം ഇതാണ്.

'*കുൻതസ്സവാദ ലിനാളിരീ ഫഅമിയ അലയ്ക്കന്നാളിറു*
*മൻശാഅ ബഅ്ദുക്ക ഫൽയമുത്ത് ഫ അലയ്ക്ക കുൻതു ഉഹാദിറു*'

'കൺമണിയായിരുന്നല്ലൊ ഭവാനെന്റെ
കൺകളിന്നന്ധമായ് തീർന്നല്ലോ;
ആരോ മരിച്ചോട്ടെയാരാകിലെന്തിന്
എൻപേടിയങ്ങയെ തൊട്ടായിരുന്നു.'

നിവേദകൻ പറയുന്നു, ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ കരയുന്നത് ഞാൻ കണ്ടപ്പോൾ, അവിടന്ന് ആ നേരത്ത് ഒറ്റയ്ക്ക് ഉലാത്തുകയായിരുന്നു. ഞാൻ പരിഭ്രമിച്ചുകൊണ്ട് കാര്യമന്വേഷിച്ചു. ഹുസൂറിന് എന്തു വിഷമമാണ് നേരിട്ടത്? ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഞാൻ ഹസ്സാൻബിൻ സാബിതിന്റെ ഈ കവിതാശകലം ചൊല്ലുകയായിരുന്നു. അപ്പോൾ എന്റെ മനസ്സിൽ ഈ പദ്യശകലം എന്റെ നാവിൽനിന്ന് പുറത്തുവന്നതായിരുന്നെങ്കിൽ എന്നു ഞാൻ വിചാരിച്ചുപോയതാണ്.

ഇതായിരുന്നു ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് നബി(സ)യോടുണ്ടായിരുന്ന പ്രേമവും സ്നേഹവും. ഇത് പൊള്ളയായ വാദമോ എഴുത്തോ ഒന്നുമായിരുന്നില്ല. ഇന്ന് എതിരാളികൾ എഴുന്നേറ്റു നിന്ന് പറയുന്നത് ഹസ്റത്ത് മസീഹ് മൗഊദ്(അ) നഊദുബില്ലാഹ് നബി(സ)യുടെ പദവികളെ ഇടിച്ചു താഴ്ത്തുന്നു എന്നാണ്. ഇന്ന് നബി(സ)യുടെ സ്ഥാന മഹിമയെ ആരെങ്കിലും തിരിച്ചറിയുകയും, അതിനെ ഉയർത്തിപ്പിടിക്കാൻ ആരെങ്കിലും ശ്രമിക്കുകയും, നബി(സ)യുടെ പേരിനെ അഭിമാനത്തോടുകൂടി കാണുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ഹസ്റത്ത് മസീഹ് മൗഊദ്(അ) മാത്രമാണ്.

ഹസ്റത്ത് മുസ്ലിഹ് മൗഊദ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) മറ്റൊരു സംഭവം ഇതു സംബന്ധമായി വിവരിക്കുന്നു. എനിയ്ക്ക് അക്കാലത്ത് പതിനേഴ് വയസ്സായിരുന്നു. - ഏതോ ഒരു സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ഒരു സംഘത്തോടൊപ്പം ഹസ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെയും അയച്ചിരുന്നു. - പറഞ്ഞു: എന്റെ പ്രായം അക്കാലത്ത് 17 വയസ്സായിരുന്നു. എന്നാൽ, ആ ദുഷ്ടവർത്തമാനം എനിക്കു സഹിച്ചില്ല. (അതായത് അവിടെ ഇസ്ലാമിന്റെ വിരോധികൾ നബി(സ)യ്ക്കെതിരിൽ ആക്ഷേപങ്ങൾ ഉന്നയിച്ചു.) പറഞ്ഞു, അതുകേട്ട് എനിയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഒരു മിനിറ്റ് പോലും ഈ സമ്മേളനത്തിലിരിക്കാൻ എനിക്കു വയ്യെന്നും ഞാൻ ഇവിടെനിന്നു പോകുകയാണെന്നും പറഞ്ഞു. അക്ബർ ശാഹ് സാഹിബ് നജീബാബാദി എന്നോട് പറഞ്ഞു: മൗലവി സാഹിബ് (ഹക്കീം നൂറുദ്ദീൻ സാഹിബ്) ഇവിടെയിരിക്കുന്നു. താങ്കൾ എഴുന്നേറ്റ് വെളിയിൽ പോകാൻപോകുന്നു. ഇത് ആത്മീയരോഷത്തിന്റെ അവസരമാണെങ്കിൽ അത് മൗലവി സാഹിബിനുണ്ടാകുമായിരുന്നില്ലേ? ഞാൻ പറഞ്ഞു: എന്തായാലും വേണ്ടില്ല, എനിക്കിവിടെ ഇരിക്കാൻ സാധിക്കുന്നില്ല. നബി(സ)യ്ക്കെതിരിലുള്ള ഈ കഠിനമായ വാക്കുകൾ എനിക്കു സഹിക്കാൻ പറ്റുന്നില്ല. അദ്ദേഹം പറഞ്ഞു: താങ്കൾ കുറഞ്ഞപക്ഷം നിസാമിനെ അനുസരിക്കേണ്ടതാണ്. മൗലവി സാഹിബ് ഇപ്പോൾ നമ്മുടെ നേതാവാണ്. അതുകൊണ്ട് അദ്ദേഹം ഇവിടെ ഇരിക്കുവോളം നിസാമിനെ അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ താങ്കൾ എഴുന്നേറ്റ് വെളിയിൽ പോകാൻ പാടില്ലാത്തതാണ്. അദ്ദേഹത്തിന്റെ വാക്കുകൾ എനിക്കു ബുദ്ധിപരമെന്ന് തോന്നി. ഞാനവിടെ കുത്തിയിരുന്നു.

അങ്ങനെ ഖാദിയാനിൽ സംഘം തിരിച്ചെത്തിയപ്പോൾ, ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ഈ ജൽസയെക്കുറിച്ച് വിവരിച്ചപ്പോൾ, ഹുസൂർ(അ)ന് എത്രത്തോളം വേദന ഉണ്ടായെന്നുപറഞ്ഞാൽ, അതു വാക്കുകളിൽ വിവരിക്കുക എന്നത് ദുഷ്ക്കരമാണ്. അവിടെയുണ്ടായിരുന്ന സ്വഹാബിമാർ വിവരിക്കുന്നു, ഹസ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: 'നിങ്ങളുടെ ആത്മീയരോഷം ഇതെങ്ങനെയാണ് സഹിച്ചത്? നിങ്ങൾ നബി(സ)യെ ചീത്ത പറയുന്നത് കേട്ടുകൊണ്ടിരുന്നു. എന്തുകൊണ്ട് നിങ്ങൾ എഴുന്നേറ്റ് വെളിയിൽ വന്നില്ല?'

ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്കു നല്കുന്ന പാഠം. അവിടത്തെ ഹൃദയവികാരം. അവിടത്തെ പ്രവർത്തനപരമായ മാതൃക; നബി(സ)യോടുള്ള സ്നേഹത്തിൽ മുങ്ങിയതിന്റേയും, നബി(സ)യ്ക്കുവേണ്ടി ആത്മീയരോഷം പ്രകടിപ്പിക്കുന്നതിന്റെയും.

ഇത് ചില ഉദാഹരണങ്ങളാണ് ഞാൻ നല്കിയത്. നിരവധി ഉദാഹരണങ്ങളുണ്ട്. ഈ മാതൃക നിലനാട്ടാനാണ്, അവിടന്ന് തന്റെ ജമാഅത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടിയാണ് ഉപദേശം നല്കിയിട്ടുള്ളത്. ഇന്ന് എതിരാളികൾ നഊദുബില്ലാഹ് നബി(സ)യെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്നുവെന്ന് ആരോപിക്കുന്നു. എതിരാളികൾ ഇതല്ലാതെ മറ്റെന്തു പറയാനാണ്? കാരണം, അവരുടെ ബുദ്ധിയിലും കണ്ണുകളിലും പർദ വീണിരിക്കുകയാണ്. അതുകൊണ്ട് അവർക്കൊന്നും കാണാൻ കഴിയുന്നില്ല. ഇന്ന് അവർക്ക് തോന്നുന്നതുപോലെ പറയാനും ചെയ്യാനും ശക്തിയുണ്ട്. മൗലവിയുടെ കണ്ണിൽ പണ്ടേ മറ വീണുകഴിഞ്ഞതാണ്. അതിപ്പോഴുമുണ്ട്. അവരുടെ ജോലി തന്നെ കലഹവും വെറുപ്പും പരത്തുക എന്നതാണ്. എന്നാൽ, വിദ്യാസമ്പന്നരായ ആളുകളും, എല്ലാം അറിഞ്ഞിട്ടും, വ്യക്തിഗതമായ മജ്ലിസുകളിൽ അതു പ്രകടിപ്പിച്ചിട്ടും തുറന്ന നിലയിൽ അതംഗീകരിക്കാൻ തയ്യാറല്ല എന്നതാണ് വ്യസനകരം. അഹ്മദിയ്യാ ജമാഅത്തുമാത്രമാണ് ഏറ്റവുമധികം നബി(സ)യെ സ്നേഹിക്കുന്നവരെന്നും, അവിടത്തെ അധ്യാപനങ്ങളെ പിൻപറ്റുന്നവരെന്നും നിങ്ങളുടെ സുഹൃത്തുക്കൾ അംഗീകരിക്കുന്നു. പക്ഷേ, ജനങ്ങളുടെ മുമ്പിൽ തുറന്നു പറയുകയില്ല. ഞാൻ പറഞ്ഞതുപോലെ, ചിലപ്പോൾ അത് പ്രകടമായിട്ടുണ്ട്. 1974 ൽ പാക്കിസ്ഥാൻ ദേശീയ അസംബ്ലി അഹ്മദികളെ അമുസ്ലിം ആക്കിക്കൊണ്ടുള്ള നിയമം പാസാക്കിയിരുന്നു. ഇതു തെറ്റായിരുന്നുവെന്നും ചിലർ പറഞ്ഞിരുന്നു. ആ സമയത്ത് മുല്ലമാരെ പ്രീതിപ്പെടുത്താനോ, മറ്റെന്തോ ഉദ്ദേശ്യത്തിനോ വേണ്ടി അക്കാലത്തെ ഭരണകൂടം തയ്യാറാകുകയായിരുന്നു. അതുമുഖേന, രാജ്യത്ത് അശാന്തിയും അസമാധാനവും പരക്കുകയല്ലാതെ മറ്റൊന്നും ഉണ്ടായില്ല. ഇതു മറ്റുള്ളവരും അംഗീകരിക്കുന്ന കാര്യമാണ്. എന്നിട്ടും മുല്ലമാരുടെ പിന്നാലെ പോകുന്നു. എന്തായാലും ഇപ്പോൾ ഞാൻ അതിന്റെ വിശദീകരണത്തിലേക്കല്ല പോകുന്നത്. കുറച്ചുവർഷങ്ങളായി ഉണ്ടാക്കിവെച്ചിട്ടുള്ള പാക്കിസ്ഥാനിലെ ഒരു നിയമത്തെകുറിച്ച് പറയുകയാണുദ്ദേശ്യം.

അത് നബിനിന്ദ എന്ന നിയമമാണ്. എങ്ങനെയെങ്കിലും അഹ്മദികളെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കുരുക്കുക എന്നതാണ് മുല്ലമാരുടെ ഉദ്ദേശ്യം. ആക്ഷേപം ഉന്നയിക്കുക. പ്രത്യക്ഷത്തിൽ വിദ്യാസമ്പന്നരായ ആളുകൾ, നിയമജ്ഞർ, ഭരണകൂടത്തിന്റെ ജഡ്ജിമാർ തുടങ്ങിയവർ മൗലവിയെ ഭയന്ന് അല്ലെങ്കിൽ അല്ലാഹുവിനോടുള്ള ഭയം കുറഞ്ഞ കാരണത്താൽ അഹ്മദികളെ ഈ നബിനിന്ദാ നിയമമനുസരിച്ച് ശിക്ഷിക്കുന്നു. സത്യമെന്താണെന്ന് അന്വേഷിക്കാതെയും, മൗലവി കള്ളം പറയുന്നവനും കള്ളസാക്ഷ്യം പറയുന്നവനാണെന്നും അറിയുമായിരുന്നിട്ടും അഹ്മദികൾക്കെതിരിൽ വിധി പറയുന്നു.

കഴിഞ്ഞ ദിവസം, ബയ്അത്തു ചെയ്ത് കുറച്ചു വർഷമായ ഒരു ചെറുപ്പക്കാരനായ അഹ്മദിയ്ക്കെതിരെ, നാട്ടിലെ ഒരു മൗലവി എഫ്.ഐ.ആർ തയ്യാറാക്കിച്ചു. അതായത് ഇയാൾ എന്റെയടുത്തു പള്ളിയിൽ വന്നുവെന്നും ഒന്നുരണ്ടു ചോദ്യങ്ങൾക്കു ശേഷം നിന്റെ നബി കള്ളനാണെന്ന് പറഞ്ഞുവെന്നും മൊഴികൊടുത്തു. നഊദുബില്ലാഹ്. വാക്കുകളും എങ്ങനെയാണ് എഴുതിപിടിപ്പിക്കുന്നതെന്ന് നോക്കുക. എന്റെയടുത്ത് എഫ്.ഐ.ആറിന്റെ കോപ്പിയുണ്ടായിരുന്നു. അവരുടെ അവസ്ഥ നോക്കുക. 'ഞാൻ ഇന്ന സ്ഥലത്തെ മൗലവിയാണ്. എന്റെയടുത്ത് അപ്പോൾ ഇന്നയിന്ന ആളുകൾ ഇരിപ്പുണ്ടായിരുന്നു. ഇന്ന വിഭാഗത്തിൽപ്പെട്ട ഫക്കീർ മുഹമ്മദിന്റെ മകൻ ഇഖ്ബാൽ എന്റെയടുത്തുവന്നു. അഹ്മദിയ്യാ കക്ഷിയുമായി ബന്ധപ്പെട്ടയാളാണ്. പെട്ടെന്ന് എന്റെയടുത്തു വന്നു. എന്നോട് താങ്കളുടെ മതമേതാണെന്ന് ചോദിച്ചു. അല്ലാഹുവിന്റെ റഹ്മാനിയ്യത്തിലും ആദരണീയനായ നബി(സ)യെ വിശ്വസിക്കുകയും ചെയ്യുന്നയാളാണെന്ന് ഞാൻ പറഞ്ഞു. അവർക്കു പുറമെ പീർമാരെയും ഫക്കീർമാരെയും വിശ്വസിക്കുന്നയാളാണെന്നും പറഞ്ഞു. (അല്ലാഹുവിനെയും നബിയേയും കുറച്ചേ വിശ്വസിക്കുന്നുള്ളു. വാസ്തവത്തിൽ പീർമാരെയും ഫക്കീർമാരെയുമാണ് വിശ്വസിക്കുന്നത്.) മൗലവി പറയുന്നു: ഈസാനബിയെക്കുറിച്ച് പറയാൻ അയാൾ (ഇഖ്ബാൽ) എന്നോടു പറഞ്ഞു. ഏതെങ്കിലും മതപണ്ഡിതന്റെ അടുക്കൽ പോകാൻ ഞാനയാളെ ഉപദേശിച്ചു. അവർ നിങ്ങളുടെ ചോദ്യത്തിന് മറുപടി തരുന്നതാണ്. അപ്പോൾ ഇഖ്ബാൽ പറഞ്ഞു: നിങ്ങളുടെ നബി കള്ളനാണ്. എന്നു പറയുകയല്ല ഓടിക്കളയുകയും ചെയ്തു.

ഇവർ പറയുന്നതിൽ ബുദ്ധിപരമായ ഒന്നും ഉണ്ടാകുകയില്ല. എന്നെ കൊല്ലാൻ നേരിട്ട് ചെന്ന് ഇഖ്ബാൽ പറഞ്ഞത്രെ! അഹ്മദി ഇത്രമാത്രം വിഡ്ഢിയല്ല. സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ ഒന്നാമതായി ഒരഹ്മദിയ്ക്ക് അങ്ങനെ പറയാൻ ഒരിക്കലും സാധിക്കുകയില്ല. ബാഹ്യമായി നോക്കിയാൽ അങ്ങനെ പറയുന്നവൻ ഭ്രാന്തനായിരിക്കും. എന്തായാലും ഞാൻ പറഞ്ഞതുപോലെ, ജഡ്ജ് സാഹിബ് ഇടവും വലവും നോക്കാതെ പെട്ടെന്ന് ജീവപര്യന്തം ശിക്ഷ നല്കി, പതിനായിരം രൂപ പിഴയും. അദ്ദേഹം ഇപ്പോൾ ജയിലിലാണ്. അത്തരം ആളുകളിൽനിന്ന് എന്തു നീതി പ്രതീക്ഷിക്കാനാണ്. അല്ലാഹുവിന്റെ മുന്നിൽ കുനിയേണ്ടവർ മാത്രമാണ് ഞങ്ങൾ. അവനോടാണ് ചോദിക്കേണ്ടതും. അവൻ തീർച്ചയായും ഞങ്ങളെ സഹായിക്കാൻ വരും. ജയിലിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങൾ സ്വയം ഇതിൽ ബോധവാന്മാരാണ്. അല്ലാഹു എങ്ങനെ ജയിലിൽ അവരെ സഹായിക്കുന്നുവെന്ന് അവർ അനുഭവിച്ചറിയുന്നു. ഞെരുക്കമുണ്ടായിട്ടും അത് അവർക്ക് പ്രശ്നമാകുന്നില്ല. അത്രമാത്രം ഫള്ലാണ് അല്ലാഹുവിൽനിന്നുണ്ടാകുന്നത്. അല്ലാഹുവിന്റെ സഹായം വരേണ്ടതാണ് വരിക തന്നെ ചെയ്യും. എന്നാൽ, ഇത്തരം വിധിപുറപ്പെടുവിക്കുന്ന ജഡ്ജിമാർ ഓർമിക്കേണ്ടതാണ്; അവരുടെ മേൽ വിധികർത്താക്കളിൽ വിധികർത്താവായ ഒരുവനുണ്ടെന്ന്. നീതി എന്തൊന്നാണോ ആഗ്രഹിക്കുന്നത് അത് പൂർത്തിയാക്കുന്നവനാണവൻ. നിരപരാധികളെ ശിക്ഷിക്കാൻ നിങ്ങൾക്കു കഴിയും. അവരുടെ കൈയിൽ ആയുധമില്ല, നിങ്ങളെ നേരിടാനെന്നതു ശരിതന്നെയാണ്. പക്ഷെ, അല്ലാഹുവിന്റെ പിടിയിൽനിന്ന് നിങ്ങളൊരിക്കലും രക്ഷപ്പെടുകയില്ല.

നിങ്ങൾ അഹ്മദിയ്യത്ത് വിട്ട് പിരിഞ്ഞുവന്നാൽ, മിർസാ ഗുലാം അഹ്മദ് ഖാദിയാനിയെ ഉപേക്ഷിച്ചാൽ, നബിയെ ഏറ്റവുമധികം സ്നേഹിക്കുന്നവരാണ് നിങ്ങളെന്ന് ഞങ്ങൾ മനസ്സിലാക്കുമെന്നും നിങ്ങളെ ആശ്ലേഷിക്കുമെന്നും ചില മൗലവിമാർ മഹാമനസ്കതയെന്നോണം പറയാറുണ്ട്. പത്രങ്ങളിൽ വാർത്ത വരാറുമുണ്ട്. ബുദ്ധിയ്ക്ക് അന്ധത ബാധിച്ചിരിക്കുന്ന ഇവരോട്, നബി(സ)യോടുള്ള പ്രേമം എന്താണെന്ന് ചോദിച്ചാൽ അതൊട്ടവർക്ക് അറിയുകയില്ല. ഏതൊരാളെ ഉപേക്ഷിക്കണമെന്നാണോ ഇക്കൂട്ടർ പറയുന്നത് അദ്ദേഹത്തിൽനിന്നാണ് നാം '*ഇശ്ഖെ റസൂൽ*', റസൂൽ(സ)നോടുള്ള സ്നേഹം എന്താണെന്ന് പഠിച്ചത്. റസൂൽ(സ)നോടുള്ള സ്നേഹം ഇന്ന് തിരിച്ചറിഞ്ഞത് വാഗ്ദത്ത മസീഹ്(അ)ലൂടെയാണ്. തെറിയും ദുഷ്ടചിന്താഗതിയുമല്ലാതെ ഒന്നുമില്ലാത്ത നിങ്ങളുടെ യടുക്കലാണോ, അദ്ദേഹത്തെ ഉപേക്ഷിച്ച് ഞങ്ങൾ വരേണ്ടത്. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ നിറഞ്ഞു കിടക്കുന്ന ഒരു കാര്യമുണ്ട്; റസൂൽ(സ)നോടുള്ള സ്നേഹവും അഭിമാനവും കാണിക്കേണ്ട അവസരം വന്നപ്പോഴെല്ലാം അഹ്മദി മുൻനിരയിൽനിന്നു എന്നതാണത്. ഇൻശാഅല്ലാഹ്. എന്നെന്നും നിലനില്ക്കുകയും ചെയ്യും.

പഴയകാലത്ത് മതപരമായ ഭിന്നിപ്പുണ്ടായിരു

ന്നിട്ടും അല്പം മാന്യതയുണ്ടായിരുന്നു. കുറച്ച് ആദരവുണ്ടായിരുന്നു. ഇസ്‌ലാമിനെതിരെയുള്ള ആക്ഷേപങ്ങളെ പ്രതിരോധിക്കുന്നതിനും, നബി(സ)യുടെ അഭിമാനം ഉയർത്തിക്കാണിക്കുന്നതിനും വേണ്ടി അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തിച്ചപ്പോൾ, അനഹ്മദികളും അതിനെ ഒരു മടിയും കൂടാതെ അഭിനന്ദിച്ചിരുന്നു. ജമാഅത്തിന്റെ സേവനത്തെ പിന്തുണക്കുകയും അനുമോദിക്കുകയും ചെയ്തു. ഇക്കാലത്തെ പത്രക്കാരെപ്പോലെ അവർ പേടിച്ച് കുത്തിയിരുന്നില്ല; നമ്മൾ എന്തെങ്കിലും പറഞ്ഞാൽ എന്തെങ്കിലും നാശം വന്നുവീഴും എന്ന ചിന്താഗതിയൊന്നും അവർക്കുണ്ടായിരുന്നില്ല. ആ തന്റേടം പാക്കിസ്ഥാനിലില്ല. പക്ഷെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബംഗ്ലാദേശിൽ പ്രകടമാകുന്നുണ്ട്. അവിടെത്തെ പൊതുജനങ്ങളും രാഷ്ട്രീയ നേതാക്കന്മാരും അവിടെത്തെ പത്രങ്ങളും ആ തന്റേടം കാണിച്ചു. ഈ തന്റേടം കാണിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ.

ഞാനിപ്പോൾ പറയാൻ പോകുന്ന സംഭവം 1927 ൽ 'വർത്തമാൻ' എന്ന ഒരു പ്രസിദ്ധീകരണം നബി(സ) യെക്കുറിച്ചും അവിടത്തെ ഭാര്യമാരെക്കുറിച്ചും വളരെ മോശമായി ചിത്രീകരിച്ചിരുന്നതിനെക്കുറിച്ചാണ്. വ്യർത്ഥവും ആഭാസം നിറഞ്ഞതുമായ കാര്യങ്ങൾ തട്ടിവിട്ടിരുന്നു. ആ കാലത്ത് മുസ്‌ലിംകളിൽ ദ്വേഷവും കോപവു മൊക്കെയുണ്ടായി. എന്നാൽ, അവരെ നേരായ മാർഗ്ഗത്തിൽ നയിക്കാൻ ആരും ഉണ്ടായിരുന്നില്ല. ആ സമയത്ത് എല്ലാ മുസ്‌ലിംകളോടും കാര്യങ്ങൾ പറയാനും അവരെ സംഘടിപ്പിച്ച് ഇതു സംബന്ധമായി പ്രവർത്തിക്കുന്നതിനും വേണ്ടി ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) കഠിന പ്രയത്നം ചെയ്തു. അവരുമായി കൂടിയാലോചിച്ചു. സമ്മേളനങ്ങൾ കൊണ്ടോ, പ്രഭാഷണങ്ങൾ കൊണ്ടോ, ബഹിഷ്ക്കരിക്കുന്നതുകൊണ്ടോ, ഘോഷയാത്രകൾ കൊണ്ടോ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ലെന്ന് അവിടന്ന് പറഞ്ഞു. പ്രവർത്തനപരമായി ശക്തമായചുവട് നാം വയ്ക്കേണ്ടി വരും. തബ്‌ലീഗിലേക്ക് - പ്രബോധനത്തിലേക്ക് ശ്രദ്ധിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതു ദീർഘമായ വിശദീകരണം അർഹിക്കുന്നതാണ്. ചുരുക്കത്തിൽ അവിടത്തെ പരിശ്രമം കൊണ്ട് ഒരുപാട് പ്രവർത്തനങ്ങൾ നടന്നു. കോടതിയിൽ ഇതു സംബന്ധമായി ഒരു കേസ്സും നടക്കുകയുണ്ടായി. കേസ്സിന് ഹാജരാകാൻ ഉന്നതരായ മുസ്‌ലിം വക്കീൽമാരുടെ ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ഈ കാര്യം നല്ലരീതിയിൽ ഉത്തമമായ മാർഗ്ഗത്തിൽ കോടതിയിൽ സമർപ്പിക്കാൻ, ചൗദരി മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ സാഹിബിനു മാത്രമെ കഴിയുകയുള്ളുവെന്ന് അവർ തീരുമാനിച്ചു. അദ്ദേഹം കേസ്സിന് ഹാജരായി. അദ്ദേഹത്തിന്റെ പ്രവർത്തനം അന്യരിലും വളരെയേറെ വാഴ്ത്തപ്പെട്ടു. പത്രങ്ങൾ അതു പ്രകടിപ്പിക്കുകയും ചെയ്തു. ഈ എല്ലാ പ്രവർത്തനത്തെക്കുറിച്ചും 1927, സെപ്തംബർ 23ന് ഇറങ്ങിയ 'മഗ്‌രിബ്' പത്രം റിപ്പോർട്ടു ചെയ്തു. ഇതൊരു സംഭവമാണ്. ഇതു മറച്ചുവയ്ക്കാൻ ആർക്കും സാധ്യമല്ല. മുസ്‌ലിം കക്ഷികളിൽ അഹ്മദിയ്യാ ജമാഅത്തിനു മാത്രമെ, ഫിത്നയെ ഇർത്തദാദിനെ (മുസ്‌ലിംകൾ മുർത്തദായി ഹിന്ദുമതത്തിൽ ചേർന്ന് കുഴപ്പം സൃഷ്ടിച്ച സംഭവം) നല്ല നിലയിൽ നേരിടാൻ കഴിഞ്ഞുള്ളൂ. അവർ അത് നല്ല വണ്ണം നിറവേറ്റി. ഇതിനെക്കാൾ ഉത്തമമായും ശരിയായ രീതിയിലും നബി (സ) തിരുമേനിയുടെ മാനം കാക്കാൻ, ജിഹാദെ അക്ബർ മറ്റൊരു ജമാഅത്തും ചെയ്തില്ല. ഒറ്റപ്പെട്ട് എന്തെങ്കിലും ചെയ്തവരെ കുറിച്ചല്ല പറയുന്നത്. കാരണം, ഹസ്റത്ത് ഖ്വാജഹസ്സൻ നിളാവി സ്വന്തം നിലയിൽ എന്തെല്ലാം ചെയ്തില്ല! അദ്ദേഹത്തെ ഒഴിച്ചു നിർത്തുക. പറയുന്നു: യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും ഈ ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക സേവനം അതുല്യമാണ്. ഹിന്ദുസ്ഥാനിൽ നടന്നുവരുന്ന പ്രവർത്തനങ്ങളിലും ഇവർ കാണിക്കുന്ന ത്യാഗവും ധൈര്യവും എന്നല്ല ദൃഢനിശ്ചയവും നൂറു പ്രാവശ്യവും മുസ്‌ലിം സമുദായം അതിനോട് നന്ദി കാണിക്കേണ്ടതാണ്. ഇപ്പോൾ മധ്യപ്രദേശിന്റെ തലസ്ഥാനമായ നാഗ്പൂരിൽ ഈ ജമാഅത്തിലെ ഒരംഗം തന്റെ തന്റേടത്തിന്റേയും ത്യാഗത്തിന്റേയും മാതൃക കാഴ്ചവെക്കുകയുണ്ടായി. (അൽ ഫസ്‌ലിൽ വന്ന പൂർണ്ണമായ റിപ്പോർട്ട് ഇവിടെ ചേർത്തിരിക്കുന്നു.)

സമ്മേളനം നടക്കുകയായിരുന്നു. കനത്ത മഴ പെയ്തുകൊണ്ടിരുന്നു. എല്ലാവരും നനഞ്ഞു കുളിച്ചു. (പിന്നീട് അവർ സംഭവം വിവരിച്ചുകൊണ്ടു പറയുന്നു.) അങ്ങനെയൊക്കെയായിട്ടും ഉണ്ടായിരുന്ന കുടപോലും മടക്കിവെച്ചു. പ്രമേയം അവതരിപ്പിച്ചു, പാസ്സാക്കി. പ്രസംഗിച്ചു. മുസ്‌ലിംകൾക്ക് തങ്ങളുടെ ജമാഅത്തിന്റെ ഇമാമിന്റെ കല്പന നിറവേറ്റിക്കൊണ്ട് എന്തും ചെയ്യാൻ സാധിക്കുമെന്ന് തെളിയിച്ചു കാണിച്ചു. ഈ അവസരത്തിൽ എല്ലാ എതിർപ്പുകളും മാറ്റിവെച്ചുകൊണ്ട് എല്ലാ കക്ഷികളിലുംപെട്ട മുസ്‌ലിംകൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് സകലതും ചെയ്തു. ഇസ്‌ലാമിന്റെ വഴികാട്ടിയും പരിപൂർണ്ണനായ വിശ്വസ്തനും സത്യസന്ധനും പരിശുദ്ധനുമായ നബി(സ)യുടെ മാനത്തെ കാക്കാൻ ഒരു കേന്ദ്രത്തിൽ സംഘടിച്ചു. ഇതുതന്നെയാണ് അല്ലാഹുവിന്റെ കല്പനയും. വിശുദ്ധഖുർആനിൽ മുസ്‌ലിംകളോടു ഈ താക്കീത് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. അതായത്, ഭിന്നിപ്പുണ്ടാക്കരുത്. ഗ്രൂപ്പിസത്തെ ഉപേക്ഷിക്കുക. എങ്കിൽ എല്ലാവരും ഒന്നായിത്തീരുന്നതാണ്. അമുസ്‌ലിം കക്ഷികൾക്ക് ഒരു ക്ഷതവും ഏല്പിക്കാൻ കഴിയുകയില്ല.

എന്നാൽ ഇക്കാലത്ത് ഇതിന് നേരെ വിപരീതമാണ് എല്ലാവരും പ്രവർത്തിക്കുന്നത്.

പിന്നീട് തുടർന്നെഴുതുന്നു. "ഞാൻ അഹ്മദിയ്യാ ജമാഅത്തിന് ആശംസകൾ നേരുന്നു. അവർ സത്യമായ പ്രവൃത്തിയായ ഇസ്‌ലാമിക സേവനം ചെയ്തുവരുന്നു. ഇസ്‌ലാമിന്റെ സംരക്ഷണത്തിനും ഇസ്‌ലാമി ന്റെ നിലനില്പിനുംവേണ്ടി പ്രവർത്തിക്കാൻ മുസ്‌ലിംകളോടു ആവശ്യപ്പെട്ടുകൊണ്ടിരിക്കുക എന്ന മഹത്തായ കൃത്യം, അതിനുവേണ്ടിയുള്ള നല്ലതും ശക്തവുമായ പ്രവർത്തനം ഇന്ത്യയിൽ ഇപ്പോൾ ഇവരല്ലാതെ ഒരു കക്ഷിയും ചെയ്യുന്നില്ല. വിശ്വാസപരമായി ഭിന്നിപ്പ് നിലനില്ക്കെതന്നെ, ഈ ജമാഅത്തിന്റെ പ്രവർത്തനം ഞങ്ങളുടെ ഹൃദയത്തെ ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നു. ഇന്നുമുതലല്ല. ജനാബ് മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ കാലം മുതൽ ഞാൻ ഇവർക്കെതിരെ ഒരു അക്ഷരവും നാവിലൂടെയോ പേനയിലൂടെയോ പറഞ്ഞിട്ടില്ല.

അവരുടെ മാന്യത ഇതായിരുന്നു. എന്നാൽ ഈ മാന്യത ഇന്നു കളഞ്ഞുപോയിരിക്കുന്നു. വീട്ടിലിരുന്ന് സംസാരിക്കും, പത്തുപേരുടെ മുന്നിൽ അതു പറയുകയില്ല. നബി(സ)യുടെ അഭിമാനം കാത്തുസൂക്ഷിച്ചതിനുള്ള ഒരുദാഹരണമാണിത്. അത് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്കു നല്കിയ പാഠത്തിന്റെ ഫലമാണ്. അത് മറ്റുള്ളവർക്കും കാണാൻ കഴിയുന്നു.

ഞാൻ പറഞ്ഞതുപോലെ, മിക്കവരിൽനിന്നും മാന്യത നഷ്ടപ്പെട്ടിരിക്കുന്നു. മാന്യതയുണ്ടെങ്കിൽ, ഇസ്‌ലാമിനുവേണ്ടി ഇന്നും ജമാഅത്തു ചെയ്യുന്ന സേവനവും നബി(സ)യോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ ഉണ്ടാക്കുന്നതിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനവും മനസ്സിലാക്കിക്കൊണ്ട്, ജമാഅത്തിനെ എതിർക്കുന്നതിനുപകരം, നബിനിന്ദ എന്ന ആരോപണം അഹ്മദികളുടെ മേൽ ഉന്നയിക്കുന്നതിനുപകരം, ആ പ്രവർത്തനങ്ങളെ അനുമോദിക്കുക. അതിനെ അഭിനന്ദിക്കുക. എന്നല്ല നബി(സ) മുസ്‌ലിംകളോടു കല്പിച്ചിട്ടുള്ള അനുസരണത്തിന്റെ ഉദാത്തമായ മാതൃക കാഴ്ച വയ്ക്കുക. അതായത്, മസീഹ് മഹ്ദി വന്നുവെന്ന് കേട്ടാൽ, അദ്ദേഹത്തിന് എന്റെ സലാം എത്തിക്കുക.

അല്ലാഹു ഇവരുടെ കണ്ണുകൾ തുറക്കട്ടെ. ഈ ജനതയ്ക്ക് മൗലവിമാരുടെ പിടിയിൽനിന്ന് മോചനം നല്കട്ടെ. അവരുടെ തൊഴിൽ കുഴപ്പമുണ്ടാക്കുക എന്നതു മാത്രമാണ്. യാഥാർത്ഥ്യം മനസ്സിലാക്കുന്നവരായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. യാഥാർത്ഥ്യം വിളിച്ചുപറയാൻ ഇവർക്ക് തന്റേടവും ഉണ്ടാകുമാറാകട്ടെ. എന്നാൽ, അഹ്മദികളും ചെയ്യേണ്ട ഒരു കാര്യമുണ്ട്. അവർ മുമ്പത്തെക്കാൾ കൂടുതൽ നബി(സ)യോടുള്ള സ്നേഹത്തിന്റേയും പ്രേമത്തിന്റെയും മാതൃക നിലനാട്ടുക. അവിടത്തെ മേൽ സ്വലാത്ത് ചൊല്ലുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) നിലനാട്ടിയ സ്നേഹത്തിന്റേയും പ്രേമത്തിന്റേയും അധ്യാപനത്തേയും മാതൃകയേയും നേരിടാൻ ലോകത്താർക്കും സാധ്യമല്ല. അഹ്മദികൾക്കല്ലാതെ അത് പ്രകടിപ്പിക്കാനും കഴിയില്ല. ഇത് ഇന്ന് അഹ്മദികളുടെ മാത്രം പ്രവൃത്തിയാണ്. ഇതു പ്രകടിപ്പിക്കുക. അതു ലോകത്തോട് പറയുക. ആഫ്രിക്കൻ പര്യടനവേളയിൽ ഒരു സ്ഥലത്ത് ഇറാനി എംബസ്സിയിലെ ഒരു ഓഫീസർ വന്നിരുന്നു. വളരെ മാന്യനായ ഒരാളായിരുന്നു അദ്ദേഹം. പിന്നീട് എയർപ്പോർട്ടിലും എന്നെ യാത്രയാക്കാൻ വന്നിരുന്നു. ഒരുപാട് നേരം സംസാരിച്ചിരുന്നു. നബി(സ)യോടുള്ള സ്നേഹത്തെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ മസീഹ് മൗഊദ്(അ)ന്റെ ഒരു പദ്യശകലം ഞാൻ അദ്ദേഹത്തെ കേൾപ്പിച്ചു.

*'ജാനോ ദിലം ഫിദായെ മുഹമ്മദസ്ത്*

*ഖാക്കം നിസായ കൂച്ചയെ ആലേ മുഹമ്മദസ്ത്.'*

(എന്റെ ജീവനും മനസ്സും മുഹമ്മദ്(സ)യുടെ സൗന്ദര്യത്തിൽ ലയിച്ചുചേർന്നിരിക്കുകയാണ്. എന്റെ ഈ മൺശരീരം മുഹമ്മദ്(സ)ന്റെ കുടുംബാദികളുടെ ഇടവഴിയിൽ ബലിയാണ്.)

ഞാനിതു പറഞ്ഞപ്പോൾ ഒരുപാട് നേരം അദ്ദേഹം അത് ഉരുവിട്ടുകൊണ്ടിരുന്നു. ഇത്തരം പദ്യശകലം ഞാനൊരിക്കലും കേട്ടിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.

പിന്നീട് ഞാൻ പറഞ്ഞു, ഇങ്ങനെയൊക്കെയാണെങ്കിലും ഞങ്ങൾ റസൂൽ(സ)നെ സ്നേഹിക്കുന്നവരല്ലെന്നാണ് ആക്ഷേപകർ പറയുന്നത്. അതിനുള്ള മറുപടി കൂടി കേൾക്കാൻ ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

*'ബഅ്ദ് അസ് ഖുദാ ബെ ഇശ്ഖെ മുഹമ്മദ് മുഖമ്മറം*

*ഗർ കുഫ്ർ ഈ ബവദ് ബഖുദാ സഖ്ത് കാഫിറം.'*

(അല്ലാഹുവിനോടുള്ള സ്നേഹത്തിനുശേഷം റസൂൽ തിരുമേനിയോടുള്ള സ്നേഹമാണ് എന്നെ കാഫിറാക്കാൻ കാരണമെങ്കിൽ, ഇതു കുഫ്റാണെങ്കിൽ അല്ലാഹുവാണ ഞാൻ കടുത്ത കാഫിറാണ്.)

ഈ പദ്യശകലവും അദ്ദേഹത്തിന് വളരെ ഇഷ്ടപ്പെട്ടു.

മൗലവിമാർക്ക് ഈ സ്നേഹത്തെക്കുറിച്ച് എന്താണ് അറിയുന്നത്. അദ്ദേഹം എന്നോട് ഇതെവിടെയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ചോദിച്ചു. അദ്ദേഹത്തിന് ഫാർസികവിതാ പുസ്തകം തുടങ്ങിയവ കൊടുക്കുകയും ചെയ്തു. എന്തായാലും മാന്യരായിട്ടുള്ള ആളുകളുണ്ട്. മനസ്സിലാകാത്തവരായി ആരെങ്കിലുമുണ്ടെങ്കിൽ അത് മൗലവിമാരാണ്.

മൗലവിമാർ ഫിത്നയും ഫസാദും ഉണ്ടാക്കുന്നവരാണെന്ന യാഥാർത്ഥ്യം എത്രയും വേഗം സാധാരണക്കാർക്ക് മനസ്സിലാകുമാറാകട്ടെ. ഇന്നും,

ഞാൻ വീണ്ടും പറയുകയാണ്. ഓരോ അഹ്മദിയുടെയും മറുപടി ഇതുതന്നെയാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി

'*ഗർ കുഫ്ർ ഈ ബവദ് ബഖുദാ സഖ്ത് കാഫിറം.*'

നിങ്ങൾ ഇതു കുഫ്റാണെന്ന് കരുതുന്നുവെങ്കിൽ ശരി, ഞങ്ങൾ കാഫിർ തന്നെയാണ്. നിങ്ങൾ നബി നിന്ദയുടെ പരിധിക്കുള്ളിൽ ഞങ്ങളെപ്പെടുത്തിയാലും ഈ ഇരുമ്പഴികൾക്കു പിന്നിലാണ് റസൂൽ (സ)നോടുള്ള സ്നേഹമുള്ളതെന്ന് അല്ലാഹുവിന്നറിയാം. എന്നാൽ, നിങ്ങൾ മസീഹ് മൗഊദ്(അ)നെ അംഗീകരിക്കാതെ നബി(സ)യുടെ അനുധാവനത്തിൽ നിന്ന് പുറത്തുകടക്കുകയാണ്. നബി നിന്ദയ്ക്ക് ഇരയാകുന്നത് വാസ്തവത്തിൽ നിങ്ങളാണ്. ഞാൻ വീണ്ടും പറയുന്നു. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹുവിന്റെ ലാത്തിയെ ഭയപ്പെടുക. അല്ലാഹു പകരം ചോദിക്കാൻ വന്നാൽ അത് ഭയാനകമായ അവസ്ഥയായിരിക്കും. ആരു രക്ഷപ്പെട്ടു, ആരു മരണപ്പെട്ടുവെന്ന് പിന്നീട് നോക്കുകയില്ല. എന്തായാലും ഇത്തരക്കാരുടെ ഉപദ്രവങ്ങളിൽനിന്ന് എല്ലാ രാജ്യത്തും എല്ലാ അഹ്മദികളേയും എല്ലാ വിധത്തിലും സുരക്ഷിതരാക്കി വയ്ക്കുമാറാകട്ടെ. ഞാൻ മുമ്പും പറഞ്ഞിട്ടുള്ളതുപോലെ, ഓരോ അഹ്മദിയും, അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനു വേണ്ടി നബി(സ)യെ പിൻപറ്റുകയും ആദ്യത്തെക്കാൾ കൂടുതൽ പിൻപറ്റുകയും അവിടത്തെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കേണ്ടതും നിർബന്ധമാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

---

JUMUA KHUTHBA
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on
10 - 12 - 2004
at
Baithul Futuh, London.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
PHONE : 98465 02288

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**